**ST.MARY'S U.P. SCHOOL KOLLIMALA**

## ആമുഖം

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമ പഞ്ചായത്ത് പരിധിയിലാണ് സെന്റ്മേരീസ് യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച മാതൃക നൽകി വരുന്ന സ്കൂളിൻറെ ഗോൾഡൻ ജൂബിലി വർഷമാണിത്. കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പരിധികൾ മറികടക്കാനുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള വിവിധ തരം സ്കോളർഷിപ്പുകൾക്കുവേണ്ടിയും വ്യക്തിഗത പരിശീലനങ്ങൾ നൽകി വരുന്നു

**JUNE**

## 1.ലഹരി നിർമ്മാർജനം

വർധിച്ചു വരുന്ന ലഹരി ഉപയോഗവും അതിന്റെ ഭൂഷ്യഫലങ്ങളെയും പറ്റി കുട്ടികളെ ബോധവാന്മാരാക്കാൻ ബോധവൽക്കരണ സെമിനാർ നടത്തുന്നു. Guest : Excise inspector Adimali ക്ലാസ് അടിസ്ഥാനത്തിൽ ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണം റാലി എന്നിവ സംഘടിപ്പിക്കുന്നു

## 2. സമൂഹമാധ്യമങ്ങളും സൈബർ കുറ്റകൃത്യങ്ങളും

മൊബൈൽ, സൂഹമാധ്യമങ്ങൾ എന്നിവയുടെ അമിതസ്വാധീനം കുട്ടികളിൽ നിന്നും പരിമിതപ്പെടുത്തുന്നതിനായി സൈബർ കുറ്റകൃത്യങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുന്നു. Guest : CI Adimali

## 3.വായനാദിനം

കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും അറിവ് വർധിപ്പിക്കുന്നതിനുമായി സ്കൂളിൽ വായനാവാരം ആചരിക്കുന്നു. ക്ലാസ് തലത്തിൽ പുസ്തകങ്ങൾ വിതരണം ചെയ്യുകയും വായനാക്കുറിപ്പ്

എഴുതുന്നത് പ്രോ ബാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**JULY**

1. **ഭാഷാപഠനം**

മലയാളം

കുട്ടികളിൽ മാതൃഭാഷാപഠനം മികവുറ്റതാക്കാൻ തികൾ, ബുധൻ ദിവസങ്ങളിൽ മാതൃഭാഷാപഠനത്തിന് പ്രത്യേക സമയം കണ്ടെത്തുന്നു. ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അധ്യാപകർ കണ്ടെത്തി അവരുടെ ശേഷികൾക്കനുസൃതമായ പരിശീലനങ്ങൾ നൽകുന്നു. അക്ഷരങ്ങൾ മുതൽ കുട്ടികൾക്ക് പഠിപ്പിച്ചു നൽകുന്നു. ഒപ്പം സമപ്രായക്കാർ തമ്മിലുള്ള ഉൾച്ചേർന്നുള്ള പഠനത്തിനും അവസരങ്ങൾ നൽകുന്നു

ഇംഗ്ലീഷ്

മാതൃഭാഷക്കൊപ്പം പ്രാധാന്യമർഹിക്കുന്ന ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്. അതിനാൽ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഇംഗ്ലീഷ് ഭാഷയിലെ ഗ്രാമ്മർ കമ്മ്യൂണിക്കേഷൻ റീഡിങ്, റൈറ്റിങ് തുടങ്ങിയവയ്ക്കായി പ്രത്യേക പരിശീലനങ്ങൾ നൽകുന്നു.

ഗണിതം

ഗണിതക്രിയകൾ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ അധ്യാപകർ കണ്ടെത്തി വ്യക്തിപരമായ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ വെള്ളിയാഴ്ചകളിൽ നൽകുന്നു. ക്ലാസ്റൂമിൽ നൽകുന്ന പ്രവർത്തനങ്ങളുടെ മാതൃകയനുസരിച്ചുള്ള ഗൃഹപാഠങ്ങളും നൽകി തിങ്കളാഴ്ച ദിവസങ്ങളിൽ മൂല്യനിർണയം നടത്തുന്നു

2. **ക്ലബ്ബുകളുടെ ഉദ്ഘാടനം**

സ്കൂളിലെ വിവിധ പഠന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ശാസ്ത്രം, ഗണിതം പരിസ്ഥിതി, സോഷ്യൽ സയൻസ് തുടങ്ങിയ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ക്ലബ്ബ് തലയോഗങ്ങൾ  വിളിച്ചുകൂട്ടി ഭാരവാഹികളെ

തെരഞ്ഞെടുക്കുകയും ചുമതലയ്ക്കായി അധ്യാപകരെ നിയോഗിക്കുകയും ചെയ്യുന്നു.

3. **വിദ്യാരംഗം കലാസാഹിത്യവേദി**

പഠന പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പ്രാധാന്യമർഹിക്കുന്ന സാഹിത്യ കലാമത്സരങ്ങളിലുള്ള കുട്ടികളുടെ താൽപര്യം ജീവസ്സുറ്റതാക്കുന്നതിനുമായി വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരിക്കുന്നു. ചുമതലയ്ക്കായി അധ്യാപകരെ നിയോഗിക്കുന്നു.

4. **ചാന്ദ്രദിനാഘോഷം**

ബഹിരാകാശ ഗവേഷണ രംഗത്ത് കുട്ടികളിൽ താൽപര്യമുളവാക്കുന്നതിനായി ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു. മുൻകൂട്ടി അറിയിച്ചതിനു ശേഷമുള്ള ചാന്ദ്രദിന ക്വിസ് നടത്തുന്നു.

5. **ശുചിത്വ ക്ലബ്ബ്**

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ കുട്ടികളിൽ വളർത്തുന്നതനായി ശുചിത്വ ക്ലബ്ബ് രൂപീകരിക്കുന്നു. ക്ലാസ്റൂമും പരിസരവും കുട്ടികൾ തന്നെ വൃത്തിയാക്കുകയും ആഴ്ചകളിൽ മികച്ച ക്ലാസുകൾക്ക് പോത്സാഹനങ്ങൾ നൽകുകയും ചെയ്യുന്നു. ഹരിതക്യാംപസ്, പ്ലാസ്റ്റിക്ക് ഫ്രീ പരിസരം എന്നിവയും ശുചിത്വ ക്ലബ്ബിൻറെ ചുമതലകളായി നൽകുന്നു.

6. **അടുക്കളത്തോട്ടം നിർമ്മാണം**

കാർഷിക വൃത്തിയോടുള്ള കുട്ടികളുടെ താൽപര്യം വർധിപ്പിക്കുന്നതിനായി സ്കൂൾ മുറ്റത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നു. ഓരോ ക്ലാസിനും സ്ഥലങ്ങൾ വിഭജിച്ചു നൽകുന്നു. ക്ലാസ് ടീച്ചർമാർക്ക് ചുമതല നൽകുന്നു.

## ഓഗസ്റ്റ്

## ഒന്നാം പാദവാർഷികപരീക്ഷ

ഒന്നാം പാദവാർഷികപരീക്ഷക്ക് മുന്നോടിയായി കുട്ടികൾക്ക് മോഡൽ ചോദ്യപേപ്പർ നൽകുകയും അതിൽനിന്നു പരീക്ഷ നടത്തുകയും ചെയ്യാൻ തീരുമാനിച്ചു .പിന്നോക്കകാരായ കുട്ടികൾക്കുവേണ്ടി പ്രത്യേകമായി ചോദ്യങ്ങൾ തയ്യാറാക്കി അതിൽ കൂടുതൽ പരിശീലനം നൽകാൻ തീരുമാനിച്ചു.

## ഓണാഘോഷം

ഓണാഘോഷവുമായി ബന്ധപ്പെട്ട് ഓണക്കളികൾ ,പൂക്കളം , ഓണസദ്യ തുടങ്ങി വളരെ ആഘോഷപൂർവം നടത്തുവാൻ തീരുമാനിച്ചു . കുട്ടികൾക്കായി മാവേലി മലയാളമങ്ക മത്സരങ്ങൾ നടത്തുവാനും ഉറിയടി വാലുപറിക്കൽ മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചു . ഓണസദ്യ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ നടത്തുവാനാണ് തീരുമാനിച്ചത് അതിനായി കുട്ടികളുടെ വീടുകളിൽ നിന്ന് സാധിക്കുന്ന കറികൾ തയ്യാറാക്കി കൊണ്ടുവരുവാനും ബാക്കിയുള്ള വിഭവങ്ങൾ അദ്ധ്യാപകരുടെയും പിടിഎ ഭാരവാഗികളുടെയും നേതൃത്വത്തിൽ സ്കൂളിൽ തയ്യാറാക്കാൻ തീരുമാനിച്ചു .ജൂബിലി വർഷത്തോടനുബന്ധിച്ചു നിർധരരായ കുടുംബങ്ങൾക്ക് ഓണകിറ്റ് നൽകുവാൻ തീരുമാനിച്ചു .അതിലേക്കായി പൂർവ്വവിദ്യാർഥിയുടെ പങ്കാളിത്തവും ഉറപ്പാക്കി.

## ദേശീയകായികദിനം

ദേശീയകായികദിനത്തോട് അനുബന്ധിച്ചു മാരത്തോൺ വെള്ളത്തൂവൽ - പണിയാറുകുട്ടി വരെ നടത്താൻ തീരുമാനിച്ചു .തുടർന്ന് ആ ആഴ്ചകൾ കുട്ടികൾക്ക് കായികപരിശീലനങ്ങൾ നല്കാൻ തീരുമാനിച്ചു .സ്കൂൾ തല കായികമത്സരങ്ങൾ സംഘടിപ്പിക്കാനും കായികമത്സരങ്ങളിൽ വിജയികളായ കുട്ടികൾക്ക് വൺ ഡേ പ്രാക്ടിക്കൽ സെഷൻ നൽകുവാനും തീരുമാനിച്ചു.

# സെപ്റ്റംബർ

## ജൂബിലി ആഘോഷ പ്ലാനിംങ്

ജൂബിലി ആഷോഷവുമായി ബന്ധപ്പെട്ട് പൂർവ്വവിദ്യാർത്ഥി നടത്തുവാൻ ന്യ്. അതിനൊരുക്കമായി. ഓരോ ബാച്ചിലെയും പൂർവ്വവിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ഒരു മീറ്റിംഗ് നടത്തി സംഗമം ആഘോഷകരമാക്കുന്നതിനുള്ള തീരമാനങ്ങൾ എടുക്കുന്നു. ജൂബിലിയുടെ ഭാഗമായി ജൂബിലി വിളംബര ഫ്ലാഷ്മോബ് Rajakkad വെച്ച് നടത്താൻ തീരുമാനിച്ചു. ഓരോ പൂർവ്വവിദ്യാർത്ഥികളുടെയും നേതൃത്യം നൽകുന്ന ആളു കളെയും പങ്കെടുത്തി ഒരു മേഗാ സംഗമം നടത്താൻ തീരുമാനിക്കുന്നു.

## ശാസ്ത്രമേള മുന്നൊരുക്കങ്ങൾ

2005 -26 അദ്ധ്യാനവർഷത്തെ ശാസ്ത്രമേളവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പരിശീലനം നടത്താൻ തീരുമാനിച്ചു. അതിനായി വെള്ളിയാഴ്ച്ച ദിവസങ്ങളിലെ ഉച്ചക്കഴിഞ്ഞുള്ള സമയങ്ങൾ ഇതിനായി പ്രയോജനപ്പെടുത്താം എന്നു തീരുമാനിച്ചു. കുട്ടികളെ മത്സരത്തിന് തിരഞ്ഞെടുക്കുന്നതിനായി ഓരോ മേഖലയിലും താല്പര്യമുള്ള കുട്ടിക്കളെ പങ്കെടുപ്പിച്ച് മത്സരം നടത്തി അതിൽ നിന്നും തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് കൂടുതൽ പരിശീലനം നടത്തുന്നു.

## മത്സരം

മലയാളവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വിവിധ മത്സരങ്ങൾ നടത്തുന്നു. യു.പി - കുട്ടികൾക്കായി കുറച്ചു അക്ഷരങ്ങൾ നൽകുകയും ആ അക്കരങ്ങൾ മാത്രം തുടങ്ങുന്ന പദങ്ങൾ വെച്ച് കഥ രൂപീകരിക്കാൻ ആവശ്യപ്പെടുന്നു. LP കുട്ടികൾക്കായി കുറച്ചു വാക്കുകൾ നൽകുകയും അതിൽ നിന്ന് sentence നിർമ്മിക്കാൻ - ആവശ്യപ്പെടുന്നു.. നന്നായി ചെയ്യുന്ന കുട്ടികളെ വിജയികളായി പ്രഖ്യാപിപ്പിക്കുന്നു.

# ഒക്ടോബർ

## ശാസ്ത്രമേള

അടിമാലി സബ്ജില്ലാ ശാസ്ത്രമേളയ് ക്കുള്ള പരിശീലനങ്ങൾ അധ്യാപകർ കുട്ടികൾക്ക് നൽകുന്നു. അതേ സമയം മറ്റ് കുട്ടികൾ പഠനത്തിൽ നിന്നും വ്യതിചലിക്കാ തിരിക്കാൻ ഭാഷ, ഗണിതം, എന്നിവയായി പ്രേത്യേക ഗൃഹപാഠങ്ങളും പരിശീലനങ്ങൾ നൽകുന്നു. അവ കൃത്യമായി മൂല്യനിർണയം നടത്തുകയും ചെയ്യുന്നു.

## ഗണിതറിലേ

കുട്ടികളിൽ ഗണിതത്തോടുള്ള താൽപര്യം കൂട്ടതലാക്കു ന്നതിനായി ക്ലാസ്സ് അടിസ്ഥാനത്തിൽ ഗണിത റിലേ നടത്തുന്നു. ഇതിനായുള്ള ചോദ്യങ്ങൾ ഗണിത അധ്യാപിക മുൻകൂടി തയ്യാറാക്കി വയ്ക്കുന്നു. വിജയിക്കുന്ന ടീമിന് ആകർഷകമായ സമ്മാനങ്ങളും നൽകുന്നു.

## ഗാന്ധിജയന്തി ആഘോഷങ്ങൾ : സേവനവാരം.

ശുചിത്വക്ലബ്ബിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി യോടനുബന്ധിച്ച് ഒരാഴ്ച പൊതുസേവനവാരമായി ആചരിക്കുന്നു. സ്കൂൾ, പരിസരപ്രദേശങ്ങൾ, ഏതെങ്കിലും പൊതുമേഖലാസ്ഥാപനങ്ങൾ, പന്നിയാറുകുട്ടി ബസ്റ്റോപ് തുടങ്ങിയവ ശുചീകരിക്കാനുള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. വേണ്ട സഹായങ്ങൾ പൊതുജനങ്ങളിൽ നിന്നും, PTA, പഞ്ചായത്ത് എന്നിവരിൽനിന്നും അഭ്യർത്ഥിക്കുന്നു

# നവംബർ

## കേരളപ്പിറവി

കേരളപ്പിറവിദിനം ആഘോഷമാക്കാൻ LP കുട്ടികൾക്കായി കേരളത്തിന്റെ ഐതിഹ്യം കഥ പറച്ചിൽ മത്സരമായി സംഘടിപ്പിരുന്നു. UP കുട്ടികൾക്കായി മലയാളിമങ്ക, മലയാളി ശ്രീമാൻ മത്സരങ്ങളും സംഘടിപിക്കുന്നു.

## ലഘുപരീക്ഷണങ്ങൾ, ചാർട്ട് പ്രദർശനങ്ങൾ

കുട്ടികളിൽ ശാസ്ത്ര അഭിരുചികൾ പ്രോത്സാഹിപിക്കുന്നതിനായി, ശാസ്ത്ര ലഘുപരീക്ഷണങ്ങളും, സ്വയം നിർമ്മിച്ച ചാർട്ടുകളും പ്രദർശിയിക്കുന്നതിനായി അവസരങ്ങൾ നൽകുന്നു. കുട്ടികൾ സ്വയം പഠിച്ച് പരിശീലിച്ച് അവതരിയിരുന്നതിന് പ്രാധാന്യം നൽകുകയും അവശ്യമെങ്കിൽ അധ്യപകർ സഹായിക്കുന്നതും ഉചിതമായിരിക്കും. മികച്ച പരീക്ഷണങ്ങൾക്കും അവതരണങ്ങൾക്കും പ്രോത്സാഹന സമ്മനങ്ങൾ നൽകുന്നു.

## ശിശുദിനം.

## ശിശുദിനറാലി

ശിശുദിനത്തോടനുബന്ധിച്ച് ഏതെങ്കിലും Child artist/Child, motivator അതിഥിയായി ക്ഷണിച്ച് കുട്ടികളുമായി സംവദിക്കാൻ അവസരങ്ങൾ നൽകുന്നു.

ശിശുദിനവുമായി ബന്ധപ്പെട്ട് ഒരാഴ്ച കളർവീക്ക് ആയി ആഘോഷിക്കുന്നു. ആഴ്ചയിലെ 5 ദിവസങ്ങളിൽ 5 നിറങ്ങൾ തീം ആയി നൽകി, ആ നിറങ്ങളിലുള്ള വസ്ത്രം, ആക്സസറീസ് എന്നിവ ധരിച്ച് വരാൻ കുട്ടികളെ

**Monthly Test**

കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്ന തിനുവേണ്ടി ക്ലാസ്തലത്തിൽ പരീക്ഷകൾ നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തി പഠനപിന്തുണ ഉറപ്പാക്കുന്നു.

# ഡിസംബർ

## ലോക എയ്ഡ്സ് ദിനാചരണം

ലോക എയ്ഡ്സ് ദിനാചരണവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായ് എയ്ഡ്സ് ബോധവൽക്കരണ ക്ലാസ് നടത്തുന്നു. പോസ്റ്റർ നിർമ്മാണ മത്സരം നടത്തുന്നു

## ലോക കമ്പ്യൂട്ടർ സാക്ഷരതാദിനം

1 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്കായ് കമ്പ്യൂട്ടറിനെക്കുറിച്ചുള്ള അവബോധന ക്ലാസ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. 1 മുതൽ 4 വരെയുള്ള ക്ലാസിലെ കുട്ടികൾക്കായി computer game മത്സരം നടത്തുവാൻ തീരുമാനിച്ചു. Computer Typing മത്സരം UP ക്ലാസിലെ കുട്ടികൾക്കായി നടത്തുന്നു.

## മനുഷ്യാവകാശ ദിനം

മനുഷ്യാവകാശദിനത്തിൽ നിയമവിദഗ്ദ്ധരെ ക്ഷണിച്ച് കുട്ടികൾക്കായി സെമിനാർ നടത്താൻ തീരുമാനിച്ചു.

## പരിക്ഷ മുന്നൊരുക്കം

രണ്ടാംപാദവാർഷിക പരീക്ഷയ്ക്ക് മുന്നോടിയായി. കുട്ടികൾക്ക് മാതൃക ചോദ്യപേപ്പർ നൽകുകയു പരീക്ഷ നടത്തുകയും ചെയ്യാൻ തീരുമാനിച്ചു. പിന്നോക്കക്കാരായ കുട്ടികൾക്കുവേണ്ടി പിന്തുണ ക്ലാസുകൾ നൽകുന്നു.

## അർദ്ധ വാർഷിക മൂല്യ നിർണയം

1 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്ക് സമയക്രമമനുസരിച്ച് പരീക്ഷകൾ നടത്തുന്നു.

## ക്രിസ്മസ് ആഘോഷം

കുട്ടികൾക്ക് പുൽക്കൂട് മത്സരം, പാപ്പാമത്സരം, കരോൾ ഗാന മത്സരം ഇവ നടത്തി കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷം ഗംഭീരമാക്കാൻ തീരുമാനിച്ചു. മത്സരത്തിൽ വിജയിക്കുന്നവക്ക് സമ്മാന വിതരണം നടത്തുന്നു.

# ജനുവരി

## പുതുവത്സര ദിനം

പുതുവത്സരത്തോടനുബന്ധിച്ച് പുതുവർഷ ആശംസാകാർഡ് നിർമ്മാണ മത്സരം നടത്താൻ തീരുമാനിച്ചു. HM പുതുവത്സര സന്ദേശവും മധുരപലഹാരവിതരണവും നടത്തുന്നു.

## ലോകഹിന്ദി ദിനം

യുപി ക്ലസിലെ കുട്ടികൾക്കായ് ഹിന്ദിദിനവുമായി ബന്ധപ്പെട്ട് അസംബ്ളി നടത്തുകയും പ്രതിജ്ഞ ചൊല്ലുകയും വായനാമത്സരം സംഘടിപ്പിക്കുകയും നടത്തുന്നു.

## റിപ്പബ്ളിക് ദിനം

സ്കൂളിൽ പതാക ഉയർത്തലിനുശേഷം സ്വാതന്ത്ര്യസമര സേനാനികളുടെ വേഷധാരികളുടെ മത്സരം, ദേശദക്തിഗാനമത്സരം മധുരപലഹാര വിതരണം എന്നിവ നടത്തുന്നു.

## രക്തസാക്ഷി ദിനം

രക്തസാക്ഷിദിനത്തോടനുബന്ധിച്ച് ഗാന്ധികിിസ് നടത്തുന്നു.

## ക്ലാസ് PTA

അർദ്ധവാർഷികമൂല്യനിർണയത്തിനുശേഷം കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്ന തിനായി ക്ലാസ് PTA നടത്താൻ തീരുമാനിച്ചു

# ഫെബ്രുവരി

## സ്കൂൾ വാർഷികം - ഒരുക്കം

സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ വിവിധ കലാപരിപാടികളുടെ ഒരുക്കം നടത്തുന്നു. സ്കൂൾ വാർഷിക ആസൂത്രണം PTA കമ്മറ്റിയുടെ സഹകരണത്തോടുകൂടി നടത്തുന്നു.

## പൂർവ്വവിദ്യാർത്ഥി സംഗമം

ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുക്കുന്നതിനായി പൂർവ്വ വിദ്യാർത്ഥി സംഗമം നടത്താൻ തീരുമാനിച്ചു.

## മാതൃഭാഷാദിനം

അന്താരാഷ്ട്ര മാതൃഭാഷാ ദിനവുമായി ബന്ധപ്പെട് മലയാള സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്നു.ക്വിസ്സ് മത്സരം നടത്തുന്നു.

## സ്കൂൾ വാർഷികവും ജൂബിലി ആഘോഷവും

2025-26 അധ്യയനവർഷത്തെ സ്കൂൾ വാർഷികം ജൂബിലി ആഘോഷത്തോടുകൂടി നടത്തുന്നു. പൂർവ്വ വിദ്യാർത്ഥികളെയും പൂർവ്വ അധ്യാപകരെയും ക്ഷണിക്കുന്നു. വിവിധ കലാപരിപാടികളോടു കൂടി സ്കൂൾ വാർഷികം നടത്തുന്നു.

# മാർച്ച്

## വാർഷിക പരീക്ഷയ്ക്ക് ഒരുക്കം

ക്ലാസിൽ കുട്ടികൾകളുടെ വാർഷികപരീക്ഷയക്ക് മുന്നോടിയായി മാതൃകാചോദ്യപേപ്പറുകൾ നൽകുന്നു. വിലയിരുത്തുന്നു. പഠനപിന്തുണ ഉറപ്പാക്കുന്നു.

## മികവുത്സവം

പിറ്റിഎ യോഗത്തിൽ കുട്ടികളുടെ വിവിധ ങ്ങളായ പ്രവർത്തനങ്ങളുടെ പ്രദർശനം നടത്തുന്നു. മികവുത്സവത്തിൽ വാർഡ്മെമ്പറെ ക്ഷണിക്കുന്നു

## **ലോക വികലാംഗദിനം**

ലോക വികലാംഗദിനത്തിൽ ബിഗ് ക്യാൻവാസ് ഒരുക്കുന്നു. ചിത്രരചനാ മത്സരം നടത്തുന്നു.സമ്മാനം നൽകുന്നു.

## **ലോക ജലദിനം**

അസംബ്ളിയിൽ സന്ദേശം നൽകുന്നു. പോസ്റ്റർ നിർമ്മാണം നടത്തുന്നു. ജലസംരക്ഷണത്തിന്റെ പ്രാധാന്യം - കാർട്ടൂൺ മത്സരം നടത്തുന്നു.

## **വാർഷികപരീക്ഷ**

1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ നടത്തുന്നു. വിലയിരുത്തുന്നു.